# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1116** **03/12/2015 ൽ മറുപടിക്ക്**

**എസ്.എസ്.എ. ഫണ്ട്**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ. ദാസൻ | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

എ) എസ്.എസ്.എ. ഫണ്ട് ഏതെല്ലാം പദ്ധതികൾക്കാണ് വിനിയോഗിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

എ) സംസ്ഥാനത്തെ പ്രാഥമിക വിദ്യാഭ്യാസമേഖലയെ പരിപോഷിപ്പിക്കുന്നത് ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾക്കാണ് എസ്.എസ്.എ ഫണ്ട് ചെലവഴിക്കുന്നത്. ഈ തുക ഓരോ സാമ്പത്തിക വർഷവും അദ്ധ്യാപക പരിശീലനം, സൗജന്യ യൂണിഫോം, പാഠപുസ്തകം, ഭിന്നശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസം, ഗ്രാന്റുകൾ, സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തൽ തുടങ്ങിയ മേഖലകളിൽ ചെലവഴിച്ചുവരുന്നു.

ബി) കഴിഞ്ഞ നാലര വർഷമായി സംസ്ഥാനത്തിന് അനുവദിച്ച എസ്.എസ്.എ. ഫണ്ട് സംബന്ധിച്ച വർഷാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ;

ബി) 2011-12 മുതൽ സംസ്ഥാനത്തിന് അനുവദിച്ച എസ്.എസ്.എ ഫണ്ട് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പദ്ധതി അടങ്കൽ | ഫണ്ട് വിവരം | | |
|---|---|---|---|---|
| | | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | ആകെ |
| 2011-12 | 47636.49 | 17021.85 | 14206.29 | 21228.14 |
| 2012-13 | 52301.79 | 13449.14 | 12788.11 | 26237.25 |
| 2013-14 | 40294.21 | 20800.66 | 14967.99 | 35768.65 |
| 2014-15 | 43109.17 | 24902.48 | 11876.54 | 36779.02 |

സി) കേന്ദ്രം അനുവദിച്ച ഫണ്ട് യഥാസമയം ചിലവഴിക്കാനാകാതെ ലാപ്സായ സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ നാലര വർഷത്തിൽ സംസ്ഥാനത്തിന് ചിലവഴിക്കാൻ കഴിയാതെ ലാപ്സായ എസ്.എസ്.എ. ഫണ്ടിന്റെ കണക്ക് ലഭ്യമാക്കുമോ?

സി) കഴിഞ്ഞ എല്ലാ സാമ്പത്തിക വർഷവും അനുവദിക്കുന്ന തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. എന്നാൽ ഈ തുക തൊട്ടടുത്ത സാമ്പത്തിക വർഷം മുൻ നീക്കിയിരുപ്പുമായി കണക്കാക്കി, ആ വർഷത്തെ പദ്ധതി അടങ്കലിൽ നിന്ന് ഈ തുക കുറച്ചാണ് കേന്ദ്ര ഗവൺമെന്റ് ഫണ്ട് അനുവദിക്കാറുള്ളത്.

സെക്ഷൻ ഓഫീസർ